മലയാളം MALAYALAM مالايالم :

**2026 August 14 (1448 Rabeeul Awwal 01) വെള്ളിയാഴ്ച**

# വേനൽച്ചൂട്: ചിന്തകളും ഉപദേശങ്ങളും

## (حَرَارَةُ الصَّيْفِ: وَقَفَاتٌ وَعِظَاتٌ)

**അല്ലാഹുവിന് സ്തുതി! തന്നോട് സന്മാർഗം തേടുന്നവർക്ക് അവൻ മാർഗ ദർശനം നൽകുന്നു, തന്നെ വിളിച്ചു പ്രാർത്ഥിക്കുന്നവന് അവൻ ഉത്തരം നൽകുന്നു, തന്നോട് അഭയം ചോദിക്കുകയും വിളിക്കുകയും ചെയ്യുന്നവനെ അവൻ സഹായിക്കുന്നു. അവൻ വഴിപിഴപ്പിച്ചവനെ നേർവഴിയിലാക്കാൻ ആരുമില്ല, അവൻ നേർവഴിയിലാക്കിയവനെ വഴിപിഴപ്പിക്കാനും ആരുമില്ല.**

**{وَمَا بِكُمْ مِنْ نِعْمَةٍ فَمِنَ اللَّهِ ثُمَّ إِذَا مَسَّكُمُ الضُّرُّ فَإِلَيْهِ تَجْأَرُونَ} [النحل: 53]**

***"നിങ്ങളിൽ യാതൊരു അനുഗ്രഹമുണ്ടെങ്കിലും അത് അല്ലാഹുവിൽ നിന്നുള്ളതാണ്. പിന്നീട് നിങ്ങൾക്കൊരു ദുരിതം ബാധിച്ചാൽ അവനിലേക്ക് തന്നെയാണ് നിങ്ങൾ നിലവിളിച്ചു പ്രാർത്ഥിക്കുന്നത്."*[സൂറത്തുന്നഹ്ൽ: 53]**

**അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ല എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അവൻ ഏകനാണ്, അവന് യാതൊരു പങ്കുകാരനുമില്ല. അവൻ തന്റെ ഉന്നതിയിൽ പരിശുദ്ധനാണ്. മുഹമ്മദ് നബി (സ) അല്ലാഹുവിന്റെ ദാസനും റസൂലും തിരഞ്ഞെടുക്കപ്പെട്ടവനും അവന്റെ പ്രിയമിത്രവുമാ ണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അല്ലാഹു അവിടുത്തേക്കും അവിടു ത്തെ കുടുംബത്തിനും സ്വഹാബികൾക്കും അവിടുത്തെ പിന്തുടർന്നവർ ക്കും നാം അല്ലാഹുവിനെ കണ്ടുമുട്ടുന്ന നാൾ വരെ ധാരാളമായി സ്വലാത്തും സലാമും വർഷിക്കട്ടെ.ബാഅ്ദ്**

**അല്ലാഹുവിന്റെ ദാസന്മാരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷ്മതയോടെ ഭയപ്പെടുക (തഖ്‌വ പാലിക്കുക):**

**{وَلْتَنْظُرْ نَفْسٌ مَا قَدَّمَتْ لِغَدٍ وَاتَّقُوا اللَّهَ إِنَّ اللَّهَ خَبِيرٌ بِمَا تَعْمَلُونَ} [الحشر: 18]**

***"ഓരോ വ്യക്തിയും താൻ നാളേക്ക് (പരലോകത്തേക്ക്) വേണ്ടി എന്താണ് മുൻകൂട്ടി അയച്ചിട്ടുള്ളതെന്ന് നോക്കട്ടെ. നിങ്ങൾ അല്ലാഹുവിനെ സൂക്ഷി ക്കുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ ക്കുറിച്ച് സൂക്ഷ്മമായി അറിയുന്നവനാണ്."*[സൂറത്തുൽ ഹഷർ: 18]**

സത്യവിശ്വാസികളേ:

ഐഹികജീവിതത്തെ പരീക്ഷണത്തിന്റെയും അധ്വാനത്തിന്റെയും ഭവനമാക്കുക എന്നത് അല്ലാഹുവിന്റെ അഗാധമായ യുക്തിയിൽ പെട്ടതാണ്. മുഅ്മിനീങ്ങളുടെ കീഴ്വണക്കം വ്യക്തമാകാനും, നിരാശരുടെ അസംതൃപ്തിയും ഉത്കണ്ഠയും വെളിപ്പെടാനുമായി അവൻ ഈ ലോകത്തെ പ്രയാസങ്ങളും ക്ലേശങ്ങളും നിറഞ്ഞതാക്കി മാറ്റി. അല്ലാഹു തആലാ പറയുന്നു:

{لَقَدْ خَلَقْنَا الْإِنْسَانَ فِي كَبَدٍ} [البلد: 4]

"*തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്.* ക്ലേശത്തിലാകുന്നു. ബലദ്: 4]

ഈ പരീക്ഷണത്തിന്റെ ലക്ഷണങ്ങളിൽ പെട്ടതാണ് വേനലും ശൈത്യവും തമ്മിലുള്ള കാലാവസ്ഥാ വ്യതിയാനങ്ങൾ; തെളിഞ്ഞ കാലാവസ്ഥയ്ക്ക് ശേഷം പൊടിപടലങ്ങൾ വരുന്നു, പാദങ്ങൾ കാഞ്ഞുപോകുന്ന കടുത്ത ചൂടും അസ്ഥികളെ വേദനിപ്പിക്കുന്ന തണുപ്പും മാറിമാറി വരുന്നു. ഇവയിലെല്ലാം വലിയ യുക്തികളുണ്ട്. അവയുടെ സൂചനകളെക്കുറിച്ചും ലക്ഷ്യങ്ങളെക്കുറിച്ചും നാം ചിന്തിക്കേണ്ടതുണ്ട്. അല്ലാഹു തആലാ പറയുന്നു:

{يُقَلِّبُ اللَّهُ اللَّيْلَ وَالنَّهَارَ إِنَّ فِي ذَلِكَ لَعِبْرَةً لِأُولِي الْأَبْصَارِ} [النور: 44]

"*അല്ലാഹു രാവും പകലും മാറിമറിച്ചുകൊണ്ടിരിക്കുന്നു. തീർച്ചയായും കാഴ്ചപ്പാടുള്ളവർക്ക് അതിൽ വലിയൊരു ഗുണപാഠമുണ്ട്.*" [സൂറത്തുന്നൂർ: 44]

അല്ലാഹുവിന്റെ ദാസന്മാരേ:
ഈ ദിവസങ്ങളിൽ നാം അനുഭവിക്കുന്ന കടുത്ത ചൂട് വ്യക്തമായൊരു ദൃഷ്ടാന്തവും പ്രകടമായ അടയാളവുമാണ്. മയക്കത്തിലായ മനസ്സുകളെ ഉണർത്താനും പരലോകത്തെക്കുറിച്ച് ഓർമ്മിപ്പിക്കാനുമുള്ളതാണത്. ഭൗതികലോകം വിശ്രമത്തിന്റെയും മടിയുടെയും ഇടമല്ല, മറിച്ച് പരീക്ഷ ണത്തിന്റെയും പരിശ്രമത്തിന്റെയും കർമ്മങ്ങളുടെയും ഇടമാണെന്ന് അത് ഓർമ്മിപ്പിക്കുന്നു. ജനങ്ങൾ തങ്ങളുടെ യാത്രയുടെ ദിവസത്തിനായി വിഭവം കണ്ടെത്താനും തങ്ങളുടെ റബ്ബിനെകണ്ടു മുട്ടുന്നതിനായിഒരുങ്ങാനുമാണത്;

{فِي يَوْمٍ كَانَ مِقْدَارُهُ خَمْسِينَ أَلْفَ سَنَةٍ} [المعارج: 4]

“അമ്പതിനായിരം വർഷം ദൈർഘ്യമുള്ള ഒരു ദിവസം.”

"*അതിന്റെ അളവ് അൻപതിനായിരം വർഷത്തോളമുള്ള ഒരു ദിവസത്തിൽ...*"
[സൂറത്തുൽ മആരിജ്: 4]

സൂര്യന്റെ കാറ്റടിക്കുന്ന ചൂടും ഉച്ചസമയത്ത് വിയർത്തൊലിക്കുന്നതും പരലോകത്തെ ജനങ്ങളുടെ അവസ്ഥയെ ഓർമ്മിപ്പിക്കുന്നതാണ്. അന്ന് അവരുടെ

രക്ഷിതാവ് അവരെയെല്ലാം ഒരൊറ്റ മൈതാനത്ത് ഒരുമിച്ചു കൂട്ടും. പ്രയാസങ്ങൾ കടുക്കുകയും, വിവരങ്ങളൊന്നും അറിയാതെ ആളുകൾ അന്തംവിട്ടു നിൽക്കുകയും ചെയ്യും. സൂര്യൻ അവരുടെ തലച്ചോറിനോട് അടുത്തുവരികയും ഭയം അവരുടെ മനസ്സുകളെ കീഴടക്കുകയും ചെയ്യും. അങ്ങനെ ദുരന്തം വലുതാവുകയും വിഷമങ്ങൾ ഇരട്ടിക്കുകയും ചെയ്യും.

റസൂലുല്ലാഹി (സ) അരുളി:

«تُدْنَى الشَّمْسُ يَوْمَ الْقِيَامَةِ مِنَ الْخَلْقِ، حَتَّى تَكُونَ مِنْهُمْ كَمِقْدَارِ مِيلٍ، فَيَكُونُ النَّاسُ عَلَى قَدْرِ أَعْمَالِهِمْ فِي الْعَرَقِ، فَمِنْهُمْ مَنْ يَكُونُ إِلَى كَعْبَيْهِ، وَمِنْهُمْ مَنْ يَكُونُ إِلَى رُكْبَتَيْهِ، وَمِنْهُمْ مَنْ يَكُونُ إِلَى حَقْوَيْهِ، وَمِنْهُمْ مَنْ يُلْجِمُهُ الْعَرَقُ إِلْجَامًا»

**“അന്ത്യദിനത്തിൽ സൂര്യൻ സൃഷ്ടികളോട് വളരെ അടുത്തുവരും; അവരിൽനിന്ന് ഒരു മൈൽ ദൂരത്തിൽ മാത്രമായിരിക്കും അത്. അപ്പോൾ മനുഷ്യർ തങ്ങളുടെ പ്രവർത്തനങ്ങൾക്കനുസരിച്ച് വിയർപ്പിൽ ആയിരിക്കും. ചിലരുടെ വിയർപ്പ് കണങ്കാൽ വരെ ആയിരിക്കും; ചിലരുടെ മുട്ടുവരെ; ചിലരുടെ അരക്കെട്ടുവരെ; ചിലരെ വിയർപ്പ് പൂർണ്ണമായി മൂടുകയും ചെയ്യും.”**

പ്രവാചകൻ (സ) തങ്ങളുടെ കൈകൊണ്ട് സ്വന്തം വായയിലേക്ക് ചൂണ്ടി കാണിക്കുകയും ചെയ്തു. [മിഖ്ദാദ് ബിൻ അൽ-അസ്‌വദ് (റ) നിവേദനം ചെയ്തത്, മുസ്ലിം രേഖപ്പെടുത്തിയത്].

സത്യവിശ്വാസികളേ:

ആ കഠിനമായ അവസ്ഥയിൽ, അല്ലാഹു തആലാ ചില ആളുകളെ അവന്റെ ഉദാരമായ അനുഗ്രഹത്താൽ പ്രത്യേകമായി തിരഞ്ഞെടുക്കുകയും, അവന്റെ അർഷിന്റെ തണലല്ലാതെ വേറെയൊരു തണലുമില്ലാത്ത ആ നാളിൽ സൂര്യന്റെ ചൂടിൽ നിന്ന് അവരെ രക്ഷിക്കുകയും ചെയ്യും. അല്ലാഹുവിന്റെ വിശാലമായ അനുഗ്രഹത്തിൽ നിന്ന് നാം ചോദിക്കുന്നു! അവരുടെ ഉയർന്ന പദവിയും ഉത്തമമായ അവസ്ഥയും കണ്ട് ജനങ്ങൾ അവരോട് അസൂയപ്പെടുകയും (അതുപോലെയുള്ള അവസ്ഥ ആഗ്രഹിക്കുകയും), അവരുടെ തണലിന്റെ ഒരംശമെങ്കിലും ലഭിച്ചിരുന്നെങ്കിലെന്ന് ആശിക്കുകയും ചെയ്യും. എന്നാൽ അതൊരിക്കലും സാധ്യമല്ല! കാരണം ആ തണൽ പണവും നാണയവും കൊടുത്ത് വാങ്ങാൻ കഴിയുന്നതല്ല, മറിച്ച് രാപ്പകലുകളിൽ സൽകർമ്മങ്ങൾ പ്രവർത്തിക്കുന്നതിലൂടെയും പ്രതാപവാനായ അല്ലാഹുവിന്റെ കോപത്തിന് കാരണമാകുന്ന കാര്യങ്ങൾ വർജ്ജിക്കുന്നതിലൂടെയുമാണ് ലഭിക്കുന്നത്. അതാണ് രക്ഷയുടെ മാർഗവും ആ ദുരന്തത്തിൽ നിന്നുള്ള മോചനവും.
ആ ദിവസത്തിലെ കടുത്ത ചൂടിൽ നിന്നുള്ള സംരക്ഷണ മാർഗ്ഗങ്ങളിൽ പെട്ടതാണ് അബൂഹുറൈറ (റ) പ്രവാചകൻ (സ) യെ തൊട്ട് നിവേദനം ചെയ്ത ഹദീസിലുള്ളത്:

« سَبْعَةٌ يُظِلُّهُمُ اللهُ فِي ظِلِّهِ يَوْمَ لَا ظِلَّ إِلَّا ظِلُّهُ: الْإِمَامُ الْعَادِلُ، وَشَابٌّ نَشَأَ بِعِبَادَةِ اللهِ، وَرَجُلٌ قَلْبُهُ مُعَلَّقٌ فِي الْمَسَاجِدِ، وَرَجُلَانِ تَحَابَّا فِي اللهِ، اجْتَمَعَا عَلَيْهِ وَتَفَرَّقَا عَلَيْهِ، وَرَجُلٌ دَعَتْهُ امْرَأَةٌ ذَاتُ مَنْصِبٍ وَجَمَالٍ، فَقَالَ: إِنِّي أَخَافُ اللهَ، وَرَجُلٌ تَصَدَّقَ بِصَدَقَةٍ فَأَخْفَاهَا، حَتَّى لَا تَعْلَمَ شِمَالُهُ مَا تُنْفِقُ يَمِينُهُ، وَرَجُلٌ ذَكَرَ اللهَ خَالِيًا، فَفَاضَتْ عَيْنَاهُ»

*"അല്ലാഹുവിന്റെ തണലല്ലാതെ വേറെയൊരു തണലുമില്ലാത്ത ആ നാളിൽ ഏഴു കൂട്ടർക്ക് അല്ലാഹു അവന്റെ തണൽ നൽകുന്നതാണ്:

1. നീതിമാനായ ഭരണാധികാരി.
2. അല്ലാഹുവിനെ ആരാധിച്ചുകൊണ്ട് വളർന്നുവന്ന യുവാവ്.
3. ഹൃദയം പള്ളികളുമായി ബന്ധിക്കപ്പെട്ട വ്യക്തി.
4. അല്ലാഹുവിന് വേണ്ടി പരസ്പരം സ്നേഹിക്കുകയും, ആ സ്നേഹത്തിൽ ഒന്നിക്കുകയും അതിൽ തന്നെ വേർപിരിയുകയും ചെയ്ത രണ്ടുപേർ.
5. പദവിയും സൗന്ദര്യവുമുള്ള ഒരു സ്ത്രീ (തെറ്റിലേക്ക്) ക്ഷണിച്ചപ്പോൾ 'തീർച്ചയായും ഞാൻ അല്ലാഹുവിനെ ഭയപ്പെടുന്നു' എന്ന് പറഞ്ഞ പുരുഷൻ.
6. തന്റെ വലതുകൈ ചെലവഴിക്കുന്നത് ഇടതുകൈ പോലും അറിയാത്തവിധം രഹസ്യമായി സ്വദഖ (ദാനം) ചെയ്ത വ്യക്തി.
7. വിജനമായ സ്ഥലത്തിരുന്ന് അല്ലാഹുവിനെ സ്മരിക്കുകയും അതിനാൽ കണ്ണുനീർ ഒഴുകുകയും ചെയ്ത വ്യക്തി."* [ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചത്].

പരമകാരുണികനായ അല്ലാഹുവിന്റെ തണൽ ലഭിക്കാനുള്ള മറ്റു കാരണങ്ങളിൽ പെട്ടതാണ്: കടബാധ്യതയുള്ളവന് ഇളവ് നൽകലും, സമയം പൂർത്തിയാകുമ്പോൾ കടം കുറച്ചുകൊടുക്കലും. അത് അല്ലാഹു പശ്ചാത്താപം സ്വീകരിച്ച് മാപ്പുനൽകാൻ കാരണമാകും. അബുൽ യസർ (റ) വൽ നിന്ന് നിവേദനം: റസൂലുള്ളാഹി (സ) പറയുന്നത് ഞാൻ കേട്ടു:

«مَنْ أَنْظَرَ مُعْسِرًا أَوْ وَضَعَ عَنْهُ؛ أَظَلَّهُ اللهُ فِي ظِلِّهِ»

*"ആരെങ്കിലും പ്രയാസത്തിലായ കടക്കാരന് സാവകാശം നൽകുകയോ അല്ലെങ്കിൽ അത് ഇളവ് ചെയ്തു കൊടുക്കുകയോ ചെയ്താൽ, അല്ലാഹു അവനെ തന്റെ തണലിൽ തണലിടുവിക്കുന്നതാണ്."*[മുസ്ലിം

അല്ലാഹുവിന്റെ ദാസന്മാരേ, അതിൽപെട്ട മറ്റൊന്നാണ് അല്ലാഹുവിന് വേണ്ടിയുള്ള സ്നേഹവും അവന്റെ പ്രീതിയിലുള്ള ഒരുമിച്ചുകൂടലും. അവിടെ ഭൗതികമായ കാര്യങ്ങൾക്കോ വ്യക്തിപരമായ താൽപ്പര്യങ്ങൾ ക്കോ യാതൊരു പരിഗണനയുമില്ല. ദീനിനെ തങ്ങളുടെ മനോഭാവത്തിന്റെ അടിസ്ഥാനമാക്കുകയും ഇസ്ലാമിക വിശ്വാസത്തെ സാഹോദര്യത്തിന്റെ ദൃഢമായ ബന്ധമാക്കുകയും ചെയ്ത ജനങ്ങളാണവർ. അങ്ങനെ അവർ ശാശ്വതമായ യഥാർത്ഥ സ്നേഹം ആസ്വദിക്കുകയും, ഉന്നതമായ സ്വർഗ്ഗ തോപ്പുകളിൽ അതിന്റെ തണൽ അനുഭവി

ക്കുകയും ചെയ്യുന്നു. അബൂഹുറൈറ (റ) വൽ നിന്ന് നിവേദനം: റസൂലുല്ലാഹി (സ) അരുളി:

«إِنَّ اللهَ يَقُولُ يَوْمَ الْقِيَامَةِ: أَيْنَ الْمُتَحَابُّونَ بِجَلَالِي؟ الْيَوْمَ أُظِلُّهُمْ فِي ظِلِّي، يَوْمَ لَا ظِلَّ إِلَّا ظِلِّي»

*"തീർച്ചയായും അന്ത്യദിനത്തിൽ അല്ലാഹു ചോദിക്കും: 'എന്റെ മഹിമ യ്ക്ക് വേണ്ടി പരസ്പരം സ്നേഹിച്ചവർ എവിടെയാണ്? എന്റെ തണലല്ലാതെ വേറെയൊരു തണലുമില്ലാത്ത ഇന്നേ ദിവസം ഞാൻ അവർക്ക് എന്റെ തണൽ നൽകുന്നതാണ്'."* [മുസ്ലിം].

ആ കഠിനമായ നാളിലെ ചൂടിൽ നിന്നും കൊടും തണുപ്പിൽ (സമ്ഹരീർ) നിന്നും രക്ഷനൽകുന്ന കാര്യങ്ങളിൽ പെട്ടതാണ് വിവിധ തരത്തിലുള്ള ധർമ്മങ്ങൾ (സ്വദഖ). സ്വദഖ നൽകുന്ന വ്യക്തി അവന്റെ നല്ല കർമ്മങ്ങൾ ക്കുള്ള പ്രതിഫല മായി അല്ലാഹുവിന്റെ തണൽ നൽകി ആദരിക്കപ്പെടുന്ന താണ്. പ്രവാചകൻ(സ)അരുളി:

«إِنَّ الصَّدَقَةَ لَتُطْفِئُ عَنْ أَهْلِهَا حَرَّ الْقُبُورِ، وَإِنَّمَا يَسْتَظِلُّ الْمُؤْمِنُ يَوْمَ الْقِيَامَةِ فِي ظِلِّ صَدَقَتِهِ»

*"തീർച്ചയായും സ്വദഖ (ദാനം) അത് നൽകിയ ആളുകൾക്ക് ഖബറുകളിലെ ചൂടിനെ കെടുത്തിക്കളയുന്നു. തീർച്ചയായും സത്യവിശ്വാസി അന്ത്യദിന ത്തിൽ തന്റെ സ്വദഖയുടെ തണലിലായിരിക്കും ഇരിക്കുന്നത്."*[ഉഖ്ബത്ത് ബിൻ ആമിർ (റ) വൽ നിന്ന് തബ്റാനി രേഖപ്പെടുത്തിയത്, അൽബാനി സ്വഹീഹാക്കിയത്].

എന്റെ ഈ വാക്ക് ഞാൻ പറയുന്നു. എനിക്കും നിങ്ങൾക്കും മറ്റെല്ലാ മുസ്ലിങ്ങൾക്കും എല്ലാ പാപങ്ങളിൽ നിന്നും പൊറുത്തുതരാൻ മഹാനും പ്രതാപവാനുമായ അല്ലാഹുവിനോട് ഞാൻ ഇസ്തിഗ്ഫാർ ചെയ്യുന്നു.

## രണ്ടാം ഖുതുബ

അല്ലാഹുവിന് സ്തുതി, അവൻ മതിയായവനാണ്. അവൻ തിരഞ്ഞെടുത്ത് സ്വീകരിച്ച അവന്റെ ദാസന്മാരുടെ മേൽ സ്വലാത്തും സലാമും ഉണ്ടായിരിക്കട്ടെ.

അമ്മ ബഅ്ദ് (ശേഷമായി):

അല്ലാഹുവിന്റെ ദാസന്മാരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷ്മതയോടെ ഭയപ്പെടുക (തഖ്‌വ പാലിക്കുക). അനുസരണപരമായ കാര്യങ്ങൾ കൊണ്ട് നിങ്ങളുടെ സമയങ്ങളെ ശുദ്ധീകരിക്കുക, പുണ്യകർമ്മങ്ങൾ കൊണ്ട് ആയുസ്സിനെ പ്രയോജനപ്പെടുത്തുക, നന്മകൾ കൊണ്ട് നിങ്ങളുടെ ദിനങ്ങളെ സമ്പന്നമാക്കുക.

സത്യവിശ്വാസികളേ:

യഥാർത്ഥ മുഅ്മിൻ എന്നാൽ, വേനൽക്കാലത്ത് കടുത്ത ചൂട് അനുഭവിച്ചാ ലും അല്ലാഹുവിന് തൃപ്തികരമായ കാര്യങ്ങളിലേക്ക് ധൃതി കാണിക്കുന്ന വനാണ്. അവൻ തന്റെ നാഥന്റെ പ്രീതിക്കായി നമസ്കാരങ്ങളിലേക്ക് നിഷ്കർഷത കാണിക്കുകയും, നന്മയും തഖ്‌വയും വർദ്ധിപ്പിക്കുന്നതി നായി അനുസരണങ്ങളിലേക്ക് വിരെയുകയും ചെയ്യുന്നു. ഇവനാണ് ബുദ്ധിമാൻ; അവൻ ഉന്നതമായ പദവികൾ കരസ്ഥമാക്കി. ഇവനാണ് ജാഗരൂകനായ വ്യക്തി; അവൻ അന്ത്യദിനത്തിലെ വിചാരണയുടെ ചൂടിൽ നിന്ന് തന്റെ ശരീരത്തെ സംരക്ഷിച്ചു.

എന്നാൽ, കാലാവസ്ഥയുടെ ചൂട് കാരണം മടി കാണിക്കുകയും, നമസ്കാ രങ്ങളിൽ പങ്കെടുക്കാതിരിക്കുകയും, ഉച്ചച്ചൂട് കാരണമാക്കി ജുമുഅയിലും ജമാഅത്തുകളിലും നിന്ന് വിട്ടുനിൽക്കുകയും ചെയ്യുന്നവൻ ദുർബലനും പാവപ്പെട്ടവനുമാണ്. അവന്റെ മനസ്സ് അവനെ വഞ്ചിക്കു കയും പിശാച് അവനെ വ്യാമോഹിപ്പിക്കുകയും ചെയ്തിരിക്കുന്നു. അവൻ സത്യവിശ്വാ സികളുടെ സംഘത്തിൽ നിന്ന് പിന്നാക്കം പോവുകയും ലോകരക്ഷിതാവായ അല്ലാഹുവിനെ അനുസരിക്കുന്നതിൽ നിന്ന് പിന്നാക്കം പോയ നയിഫാഖി കളോട് (പകപടധാരികൾ) സാദൃശ്യപ്പെടുകയും ചെയ്തിരിക്കുന്നു. അവരു ടെ അവസ്ഥയെയും വാക്കുകളെയും കുറിച്ച് വ്യക്തമാക്കിക്കൊണ്ട് അല്ലാഹു തആലാ പറയുന്നു:

{فَرِحَ الْمُخَلَّفُونَ بِمَقْعَدِهِمْ خِلَافَ رَسُولِ اللَّهِ وَكَرِهُوا أَنْ يُجَاهِدُوا بِأَمْوَالِهِمْ وَأَنْفُسِهِمْ فِي سَبِيلِ اللَّهِ وَقَالُوا لَا تَنْفِرُوا فِي الْحَرِّ قُلْ نَارُ جَهَنَّمَ أَشَدُّ حَرًّا لَوْ كَانُوا يَفْقَهُونَ} [التوبة: 81]

സമരസംരംഭത്തിൽ നിന്ന് പിന്മാറിനിന്നവർ ദൈവദൂതനെ അനുഗമിക്കാതെ വീട്ടിലിരുന്നതിൽ സന്തുഷ്ടരായിരിക്കുന്നു. ദൈവികമാർഗത്തിൽ ദേഹം കൊണ്ടും ധനംകൊണ്ടും സമരംചെയ്യുന്നത് അവർക്കസഹ്യമായി. അവർ ജനത്തോടു പറഞ്ഞു: 'ഈ കൊടും ചൂടിൽ പുറപ്പെടരുത്.' ഇക്കൂട്ടരോടു പറയുക: 'നരകാഗ്നി അതിനെക്കാൾ ചൂടേറിയതാകുന്നു.' കഷ്ടം, അവർക്ക് ആ ബോധം ഉണ്ടായിരുന്നുവെങ്കിൽ! [സൂറത്തുത്തൗബ: 81].

തങ്ങളുടെ കുടുംബത്തെയും മക്കളെയും മാന്യമായി ജീവിക്കാൻ സഹായി ക്കുന്നതിന് വേണ്ടി ഈ ചൂട് സഹിച്ചുകൊണ്ട് ഹലാലായ ഉപജീവനം തേടി അധ്വാനിക്കുന്ന തൊഴിലാളികളും ജീവനക്കാരും; അവർക്ക് വലിയ പ്രതിഫ ലവും മഹത്തായ പദവിയും വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. കഅ്ബ് ബിൻ ഉജ്റ (റ) വൽ നിന്ന് നിവേദനം:

റസൂലുല്ലാഹി (സ) യുടെ സ്വഹാബികൾ ഒരു വ്യക്തിയുടെ അരികിലൂടെ നടന്നുപോയി. അവന്റെ അധ്വാനത്തിലെ ജാഗ്രതയും അധ്വാനശീലവും കണ്ടപ്പോൾ അവർ പറഞ്ഞു: *"അല്ലാഹുവിന്റെ റസൂലേ, ഇത് അല്ലാഹു വിന്റെ*

*മാർഗ്ഗത്തിൽ ആയിരുന്നെങ്കിൽ എത്ര നന്നായിരുന്നു!"* അപ്പോൾ പ്രവാചകൻ (സ) പറഞ്ഞു:

«إِنْ كَانَ خَرَجَ يَسْعَى عَلَى وَلَدِهِ صِغَارًا، فَهُوَ فِي سَبِيلِ اللهِ، وَإِنْ كَانَ خَرَجَ يَسْعَى عَلَى نَفْسِهِ يُعِفُّهَا، فَهُوَ فِي سَبِيلِ اللهِ»

*"അവൻ തന്റെ ചെറിയ കുട്ടികൾക്ക് വേണ്ടി അധ്വാനിക്കാൻ പുറപ്പെട്ട താണെങ്കിൽ അവൻ അല്ലാഹുവിന്റെ മാർഗ്ഗത്തിലാണ്. അവൻ തന്റെ സ്വന്തം ആത്മാവിനെ മാന്യമായി നിലനിർത്താൻ പുറപ്പെട്ടതാണെങ്കിലും അവൻ അല്ലാഹുവിന്റെ മാർഗ്ഗത്തിലാണ്."* [തബ്റാനി രേഖപ്പെടുത്തിയത്, അൽബാനി സ്വഹീഹാക്കിയത്].

സത്യവിശ്വാസികളേ:

വേനൽക്കാലത്തെ ചൂട് അല്ലാഹു നമുക്ക് നൽകിയ അനുഗ്രഹങ്ങളെ ഓർക്കാനുള്ള ഒരു കാരണമായി മാറട്ടെ; ചൂടിനെ പ്രതിരോധിക്കുന്ന കെട്ടിടങ്ങളും ആവശ്യത്തിന് തണുപ്പിക്കൽ ഉപകരണങ്ങളും (AC) അവൻ നമുക്ക് കീഴ്പ്പെടുത്തി തന്നിരിക്കുന്നു. അതിനാൽ ഇവ നൽകിയവനോട് കൃതജ്ഞതയും നന്ദിയും കാണിക്കാൻ നാം മുന്നോട്ടുവരികയും, അവ സംരക്ഷിക്കുന്നതിൽ ശ്രദ്ധ പുലർത്തുകയും വേണം. ഇവയുടെ ഉപയോഗ ത്തിൽ മിതത്വം പാലിക്കുന്നതിലും ദുർവ്യയം ഒഴിവാക്കു ന്നതിലും ബന്ധപ്പെട്ട അധികാരികളോട് സഹകരിക്കുകയും വേണം.

അതുപോലെ തന്നെ, ഈ തണലുകൾ ലഭിക്കാതെ കഷ്ടത അനുഭവിക്കുന്ന ജനങ്ങളുടെ പ്രയാസങ്ങൾ നാം തിരിച്ചറിയണം. കിണറുകൾ കുഴിച്ചും, തണൽ നൽകുന്ന വീടുകളും കൂടാരങ്ങളും നിർമ്മിച്ചും, എയർകണ്ടീഷണ റുകളും കൂളറുകളും വാങ്ങി നൽകിയും, വേനൽച്ചൂടിനെ മറികടക്കാൻ ആവശ്യക്കാരെ സഹായിക്കുന്ന മറ്റു മാർഗ്ഗങ്ങളിലൂടെയും അവരുടെ ചൂടും ദാഹവും പ്രയാസങ്ങളും കുറയ്ക്കാൻ നന്മ ചെയ്തുകൊണ്ട് അവരോട് അനുഭാവം കാണിക്കാൻ ഇത് നമ്മെ പ്രേരിപ്പിക്കണം. അബൂഹുറൈറ (റ) വൽ നിന്ന് നിവേദനം: പ്രവാചകൻ (സ) അരുളി:

« بَيْنَمَا رَجُلٌ يَمْشِي، فَاشْتَدَّ عَلَيْهِ الْعَطَشُ، فَنَزَلَ بِئْرًا فَشَرِبَ مِنْهَا، ثُمَّ خَرَجَ، فَإِذَا هُوَ بِكَلْبٍ يَلْهَثُ، يَأْكُلُ الثَّرَى مِنَ الْعَطَشِ، فَقَالَ: لَقَدْ بَلَغَ هَذَا مِثْلُ الَّذِي بَلَغَ بِي، فَمَلَأَ خُفَّهُ، ثُمَّ أَمْسَكَهُ بِفِيهِ، ثُمَّ رَقِيَ، فَسَقَى الْكَلْبَ، فَشَكَرَ اللهُ لَهُ، فَغَفَرَ لَهُ»

*"ഒരു മനുഷ്യൻ വഴിയേ നടന്നുപോവുകയായിരുന്നു. അപ്പോൾ അവന് കഠിനമായ ദാഹം അനുഭവപ്പെട്ടു. അവൻ ഒരു കിണറ്റിൽ ഇറങ്ങി വെള്ളം കുടിച്ചു, പുറത്തുവന്നപ്പോൾ ഒരു നായ ദാഹം കാരണം നാവ് പുറത്തേ ക്കിട്ട് മണ്ണ് തിന്നുന്നത് കണ്ടു. അവൻ പറഞ്ഞു: 'എനിക്ക് അനുഭവിച്ച തുപോലെയുള്ള കഠിനമായ ദാഹം ഈ നായയ്ക്കും അനുഭവപ്പെട്ടി രിക്കുന്നു.' അങ്ങനെ അവൻ തന്റെ തോൽച്ചെരുപ്പിൽ വെള്ളം നിറച്ച്, അത് വായിൽ കടിച്ച പിടിച്ച്*

*മുകളിലേക്ക് കയറി നായയ്ക്ക് വെള്ളം കൊടുത്തു. അല്ലാഹു അവന്റെ ആ പ്രവൃത്തിയെ നന്ദിയോടെ സ്വീകരിക്കുകയും അവന് പൊറുത്തുകൊടുക്കുകയും ചെയ്തു."*

സ്വഹാബികൾ ചോദിച്ചു: *"അല്ലാഹുവിന്റെ റസൂലേ, മൃഗങ്ങളുടെ കാര്യത്തിലും ഞങ്ങൾക്ക് പ്രതിഫലമുണ്ടോ?!"* പ്രവാചകൻ (സ) പറഞ്ഞു:

**«فِي كُلِّ كَبِدٍ رَطْبَةٍ أَجْرٌ»**

*"ജീവനുള്ള (ഈർപ്പമുള്ള കരൾ ഉള്ള) ഏതൊരു ജീവിയുടെ കാര്യത്തിലും (നന്മ ചെയ്താൽ) പ്രതിഫലമുണ്ട്."*[ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചത്].

## പ്രാർത്ഥന (ദുആ)

**اللَّهُمَّ صَلِّ وَسَلِّمْ عَلَى صَاحِبِ الوَجْهِ الأَنْوَرِ وَالْجَبِينِ الْأَزْهَرِ**

*(അല്ലാഹുവേ,ഏറ്റവും പ്രകാശപൂർണ്ണമായ മുഖത്തിനും ശോഭയുള്ള നെറ്റിക്കും ഉടമയായ പ്രവാചകന്റെ മേൽ നീ സ്വലാത്തും സലാമും വർഷിക്കേണമേ.)*

**اللَّهُمَّ حَبِّبْ إِلَيْنَا الإِيمَانَ وَزَيِّنْهُ فِي قُلُوبِنَا، وَكَرِّهْ إِلَيْنَا الْكُفْرَ وَالْفُسُوقَ وَالْعِصْيَانَ، وَاجْعَلْنَا مِنَ الرَّاشِدِينَ**

*(അല്ലാഹുവേ, ഈമാനിനെ (വിശ്വാസത്തെ) ഞങ്ങൾക്ക് നീ പ്രിയങ്കരമാ ക്കേണമേ, അത് ഞങ്ങളുടെ ഹൃദയങ്ങളിൽ അലങ്കാരമാക്കേണമേ. കുഫ്ർ, ധിക്കാരം, പാപം എന്നിവയോട് ഞങ്ങൾക്ക് നീ വെറുപ്പുണ്ടാക്കേണമേ. ഞങ്ങളെ നേർവഴിയിലായവരിൽ ഉൾപ്പെടുത്തേണമേ.)*

**اللَّهُمَّ أَعِزَّ الإِسْلَامَ وَالْمُسْلِمِينَ، وَأَذِلَّ الشِّرْكَ وَالْمُشْرِكِينَ، وَانْصُرْ دِينَكَ وِكِتَابَكَ وَسُنَّةَ نَبِيِّكَ صَلَّى اللهُ عَلَيْهِ وَسَلَّمَ وَعِبَادَكَ الْمُؤْمِنِينَ**

*(അല്ലാഹുവേ, ഇസ്ലാമിനെയും മുസ്ലിങ്ങളെയും നീ പ്രതാപമുള്ള വരാക്കേ ണമേ. ശിർക്കിനെയും മുഷ്രിക്കുകളെയും നീ നിന്ദ്യരാക്കേണമേ. നിന്റെ ദീനിനെയും നിന്റെ വേദഗ്രന്ഥത്തെയും നിന്റെ നബി (സ) യുടെ സുന്നത്തിനെയും നിന്റെ സത്യവിശ്വാസികളായ ദാസന്മാരെയും നീ സഹായിക്കേണമേ.)*

**اللَّهُمَّ اغْفِرْ لِلْمُسْلِمِينَ وَالْمُسْلِمَاتِ، وَالْمُؤْمِنِينَ وَالْمُؤْمِنَاتِ، الأَحْيَاءِ مِنْهُمْ وَالأَمْوَاتِ**

*(അല്ലാഹുവേ, മുസ്ലിങ്ങളായ പുരുഷന്മാർക്കും സ്ത്രീകൾക്കും, മുഅ്മിനീ ങ്ങളായ പുരുഷന്മാർക്കും സ്ത്രീകൾക്കും - അവരിൽ ജീവിച്ചിരിക്കുന്നവർ ക്കും മരിച്ചവർക്കും നീ പൊറുത്തുനൽകേണമേ.)*

**اللَّهُمَّ احْفَظْ إِخْوَتَنَا الْقَائِمِينَ عَلَى أَمْنِ الْبِلَادِ، وَوَفِّقِ اللَّهُمَّ أَمِيرَنَا وَوَلِيَّ عَهْدِهِ لِهُدَاكَ، وَاجْعَلْ أَعْمَالَهُمَا فِي طَاعَتِكَ وَرِضَاكَ، وَاجْعَلْ هَذَا الْبَلَدَ آمِناً مُطْمَئِنًّا سَخَاءً رَخَاءً، دَارَ أَمْنٍ وَإِيمَانٍ، وَسَائِرَ بِلَادِ الْمُسْلِمِينَ**

*(അല്ലാഹുവേ, രാജ്യത്തിന്റെ സുരക്ഷയ്ക്കായി നിലകൊള്ളുന്ന ഞങ്ങളുടെ സഹോദരങ്ങളെ നീ സംരക്ഷിക്കേണമേ. അല്ലാഹുവേ, ഞങ്ങളുടെ അമീറി നെയും വലിയ്യുൽ അഹ്ദിനെയും (കിരീടാവകാശി) നിന്റെ ഹിദായത്തിന് അനുയോജ്യമായി തൗഫീഖ് നൽകേണമേ. അവരുടെ കർമ്മങ്ങളെ നിന്റെ അനുസരണത്തിലും തൃപ്തിയിലുമാക്കേണമേ. ഈ രാജ്യത്തെ സമാധാ നവും ശാന്തതയും സമൃദ്ധിയും സന്തോഷവുമുള്ളതാ ക്കേണമേ. ഇതിനെയും മറ്റെല്ലാ മുസ്ലിം രാജ്യങ്ങളെയും സുരക്ഷി തത്വത്തിന്റെയും ഈമാനിന്റെയും കേന്ദ്രമാക്കേണമേ.)*

**വെള്ളിയാഴ്ച ഖുതുബ തയ്യാറാക്കുന്നതിനുള്ള സമിതി**

*(വെള്ളിയാഴ്ച ഖുതുബ തയ്യാറാക്കുന്നതിനുള്ള ഔദ്യോഗിക സമിതി)*